പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1609 07.03.2018- ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആനുകൂല്യങ്ങളും സഹായങ്ങളും

ചോദ്യം

ശ്രീ. എൻ.എ നെല്ലിക്കുന്ന്

മറുപടി

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്ററിൽ എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ; ഈ ലിസ്ററിൽപ്പെട്ട എത്രപേർക്ക ദേശിയ മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള ധനസഹായം അനുവദിച്ചു; ഇവർക്ക് നൽകിയ മറ്റ ആനുകൂല്യങ്ങളും സഹായങ്ങളും എന്തൊക്കെയാണ്; ഇവരിൽ എത്രപേർക്ക പെൻഷൻ ലഭിക്കുന്നുണ്ടെന്നും തുക എത്രയാണെന്നും വ്യക്തമാക്കാമോ; ഈ ലിസ്റ്റിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർ എത്രപേരുണ്ട്; ഇവർക്ക നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; | (എ) | എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ നിലവിൽ 6135 പേർ ഉൾപ്പെട്ടിട്ടുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ പ്രകാരം 3524 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. നിലവിൽ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് പ്രതിമാസ പെൻഷൻ, എം - പാനൽഡ് ആശുപത്രികളിലുൾപ്പടെ സൗജന്യ ചികിത്സ, സൗജന്യ റേഷൻ എന്നിവ നൽകിവരുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങളിൽ മുൻഗണനയും ഉയർന്ന പ്രായ പരിധിയിൽ 10 വർഷത്തെ ഇളവും സർക്കാർ ദുരിതബാധിതർക്ക് അനുവദിച്ച് വരുന്നുണ്ട്. ബുദ്ധിമാന്ദ്യം സംഭവിച്ചവരായി 1182 പേരെയാണ് കണ്ടെത്തിയിട്ടുള്ളത്. 2017 ലെ മെഡിക്കൽ ക്യാമ്പിൽ നിന്നും കണ്ടെത്തിയിട്ടുള്ള ബുദ്ധിമാന്ദ്യം സംഭവിച്ച 21 പേർക്ക് ആനുകൂല്യങ്ങൾ അനുവദിക്കാനുണ്ട്. ദുരിതബാധിതർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എല്ലാം തന്നെ ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും ലഭിക്കുന്നുണ്ട്. പെൻഷൻ വിവരങ്ങൾ ആനുബന്ധം(1) ൽ ചേർത്തിട്ടുണ്ട്. |
| (ബി) | 2017 ജനുവരി 10 ന് സുപ്രീംകോടതി പുറപ്പെടുവിച്ച വിധി അനുസരിച്ച | (ബി) | ബഹു: സുപ്രീംകോടതി വിധിയുടെയും ദേശീയ മനുഷ്യാവകാശ കമ്മീഷൻ |

| | | | |
|---|---|---|---|
| | എത്രപേർക്ക് ധനസഹായം നൽകി; പ്രസ്തുത സുപ്രീംകോടതി വിധിയുടെ കോപ്പി ലഭ്യമാക്കാമോ; | | ശിപാർശകളുടെയും അടിസ്ഥാനത്തിലാണ് ദുരിതബാധിതർക്ക് ധനസഹായം നൽകി വരുന്നത്. ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും ദുരിതം മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപ വീതവും ശാരീരിക വൈകല്യമുള്ളവർ, കാൻസർ രോഗികൾ എന്നിവർക്ക് 3 ലക്ഷം രൂപ വീതവും ഗഡുക്കളായി നൽകി വരുന്നതിനാണ് ഉത്തരവായിട്ടുള്ളത്. ഇതുവരെ ധനസഹായം ലഭിച്ചവരുടെ പട്ടിക അനുബന്ധം(2) ലും ബഹു:സുപ്രീം കോടതി ഉത്തരവിന്റെ പകർപ്പ് അനുബന്ധം (3) ലും ചേർത്തിട്ടുണ്ട്. |
| (സി) | എൻഡോസൾഫാൻ ആനുകൂല്യങ്ങൾക്ക അർഹതയുണ്ടെങ്കിലും ലിസ്റ്റിൽപ്പെടാത്ത സമാനമായ എത്ര ദുരിതബാധിതരുണ്ടെന്ന് വ്യക്തമാക്കാമോ; അവർ ഇതുവരെയും ലിസ്ററിൽ ഉൾപ്പെടാത്തത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (സി) | സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പ് വഴിയാണ് കൃത്യമായ മാനദണ്ഡങ്ങൾ പ്രകാരം ദുരിതബാധിതരെ കണ്ടെത്തുന്നത്. പ്രസ്തുത മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് എല്ലാവർക്കും അവസരം നൽകുന്നുണ്ട്. ഇനിയും പട്ടികയിൽ ഉൾപ്പെടാത്തവർ ഉണ്ടോ എന്നുള്ള വിവരങ്ങൾ മെഡിക്കൽ ക്യാമ്പിലൂടെ മാത്രമേ കണ്ടെത്താൻ സാധിക്കുകയുള്ളൂ. |
| (ഡി) | എൻഡോസൾഫാൻ സെല്ലിന്റെ യോഗം അവസാനമായി ചേർന്നതെപ്പോഴാണെന്നും പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ; തീരുമാനങ്ങളിൽ ഏതെല്ലാം നടപ്പാക്കിയെന്ന് വ്യക്തമാക്കാമോ; | (ഡി) | 08.02.2018 നാണ് അവസാനമായി ജില്ലാതല സെൽ യോഗം ചേർന്നിട്ടുള്ളത്.<br>തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 2017-മെഡിക്കൽ ക്യാമ്പിൽ ഉൾപ്പെട്ടിട്ടുള്ള 287 പേരുടെ പട്ടിക പെൻഷൻ അനുവദിക്കുന്നതിനും പ്രത്യേക ധനസഹായം അനുവദിക്കുന്നതിനുമായി കാറ്റഗറൈസ് ചെയ്തത് സെൽ അംഗീകരിച്ചു.<br>2. 2013 സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽ നിന്നും കണ്ടെത്തിയ 1318 പേരെയും പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.<br>3. എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് കൃത്യമായ ഗൈഡ് ലൈൻ കരട് തയ്യാറാക്കുന്നതിന് എൻ എച്ച് എം ജില്ലാ പ്രോഗ്രാം |

| | | | |
|---|---|---|---|
| | | | മാനേജരെ ചുമതലപ്പെടുത്തി.<br>4. നബാർഡ് ആർ ഐ ഡി എഫ് പ്രവൃത്തികളുടെ കാലാവധി 2018 മാർച്ച് 31-ന് അവസാനിക്കുന്നതിനാൽ പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും ബില്ലുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിനും നിർവഹണ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകി. |
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എൻഡോസൾഫാൻ ബാധിതരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം ചേർന്നിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ടെന്നും പ്രസ്തുത യോഗങ്ങളിൽ ആരൊക്കെ പങ്കെടുത്തിരുന്നുവെന്നും തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് അന്നത്തെ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം ചേർന്നിരുന്നോ എന്ന് വ്യക്തമാക്കാമോ: എങ്കിൽ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ടെന്നും പ്രസ്തുത യോഗങ്ങളിൽ ആരൊക്കെ പങ്കെടുത്തിരുന്നുവെന്നും തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ? | (ഇ) | വിവരങ്ങൾ ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

**എൻഡോസൾഫാൻ പട്ടികയിൽ ഉൾപ്പെട്ട ദുരിതബാധിതർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നൽകി വരുന്ന പെൻഷൻ പദ്ധതികളുടെ വിവരങ്ങൾ**

**സ്നേഹ സ്വാന്തനം പദ്ധതി**

ആരോഗ്യ വകുപ്പ് നടത്തിയ സർവ്വെയുടെയും മെഡിക്കൽ ക്യാമ്പുകളുടെയും അടിസ്ഥാനത്തിൽ കാസറഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച പട്ടിക പ്രകാരം ദീർഘകാല ചികിത്സ ആവശ്യമുള്ളവരും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീടിനുള്ളിൽ കഴിയുന്നവരുമായവരിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപയും എൻഡോസൾഫാൻ ദുരിതബാധിതരായ മറ്റുള്ളവർക്ക് 1200/- രൂപയും വീതം ഈ പദ്ധതി പ്രകാരം പ്രതിമാസ ധനസഹായം അനുവദിച്ചു വരുന്നു.

പ്രതിമാസം 1700/- രൂപ ലഭിക്കുന്നവർ - 977 പേർ

പ്രതിമാസം 2200/- രൂപ ലഭിക്കുന്നവർ - 1426 പേർ

പ്രതിമാസം 1200/- രൂപ ലഭിക്കുന്നവർ - 2253 പേർ

**ആകെ - 4656 പേർ**

**സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി**

എൻഡോസൾഫാൻ ദുരിതബാധിതരായ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കുവാൻ കഴിയാത്തവർ) പരിചരിക്കുന്ന ഒരാൾക്ക് മേൽ പദ്ധതിയിൻകീഴിൽ പ്രതിമാസം 700/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം .നിലവിൽ 910 പേർക്ക് പ്രതിമാസ ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

**വിദ്യാഭ്യാസ ധനസഹായം :**

ഈ പദ്ധതി പ്രകാരം, എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കും 2000/- രൂപ വീതവും 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 3000/- രൂപ വീതവും 11, 12 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 4000/- രൂപ വീതവും അതത് അധ്യയന വർഷങ്ങളിൽ ഒറ്റത്തവണ ധനസഹായമായി അനുവദിക്കുന്നു.

## അനുബന്ധം - 2

### എൻഡോസൾഫാൻ ദുരിതബാധിതർക്ക്

### 2018 ജനുവരി മാസം വരെ നൽകിയ ധനസഹായത്തിന്റെ വിവരങ്ങൾ

NHRC Compensation – Payment of 1st Instalment

| Sl. No | Category | No of Victims | Amount (In Rs) |
|---|---|---|---|
| 1 | BR(Bed ridden) | 258 | 37600000 |
| 2 | MR(Mentally Retarded) | 1161 | 173450000 |
| 3 | PH | 967 | 98500000 |
| 4 | CA(Cancer) | 437 | 43700000 |
| 5 | DEATH | 701 | 103200000 |
| **TOTAL** | | **3524** | **45,64,50,000** |

NHRC Compensation – Payment of 2nd Instalment

| Sl. No | Category | No of Victims | Amount (In Rs) |
|---|---|---|---|
| 1 | BR | 239 | 35650000 |
| 2 | MR | 1149 | 172250000 |
| 3 | PH | 963 | 96600000 |
| 4 | CA | 410 | 41000000 |
| 5 | DEATH | 679 | 100300000 |
| **TOTAL** | | **3440** | **44,58,00,000** |

NHRC Compensation – Payment of 3rd Instalment

| Sl. No | Category | No of Victims | Amount (In Rs) |
|---|---|---|---|
| 1 | BR | 219 | 43700000 |
| 2 | MR | 1136 | 226800000 |
| 3 | PH | 944 | 94800000 |
| 4 | CA | 371 | 37100000 |
| 5 | DEATH | 418 | 78500000 |
| **TOTAL** | | **3088** | **480900000** |

ITEM NO.7 COURT NO.1 SECTION PIL(W)

S U P R E M E C O U R T O F I N D I A
RECORD OF PROCEEDINGS

Writ Petition(s)(Civil) No(s).213/2011

DEMOCRATIC YOUTH FEDERATION OF INDIA Petitioner(s)

VERSUS

UNION OF INDIA & ORS. Respondent(s)

(With appln.(s) for directions and exemption from filing O.T.)
(For final disposal)
WITH
CONMT.PET.(Crl.) D 23948/2012 In W.P.(C) No.213/2011

Date : 10/01/2017 These petitions were called on for hearing today.

CORAM :
HON'BLE THE CHIEF JUSTICE
HON'BLE MR. JUSTICE N.V. RAMANA
HON'BLE DR. JUSTICE D.Y. CHANDRACHUD

For Petitioner(s)
Mr.Krishnan Venugopal, Sr.Adv.
Mr.Deepak Prakash, Adv.
Mr.Vishal Somany, Adv.
Ms.Swati Ghildiyal, Adv.
Ms.Shruti Srivastava, Adv.
Mr.Subhash Chandran K.R., Adv.
Mr.Raneev Dahiya, Adv.
Mr.Kunal Singh, Adv.
Ms.Saumiya Sinha, Adv.
Ms. Usha Nandini. V, Adv.

For Respondent(s)
Mr.Edward Belho, AAG
Ms. K. Enatoli Sema, Adv.
Mr.Amit Kumar, Adv.
Mr.K.Luikang Michael, Adv.
Mr.Elix Gangmei, Adv.
Mr.Z.H.Isaac Haiding, Adv.

**Mr.Irshad Ahmad, AAG**
Mr.Abhisth Kumar, Adv.
Mr.Sudeep Kumar, Adv.

Mr.Mukesh Giri, AAG
Mr.Rahul Kaushik, Adv.
Mrs.Bhuvneshwari Pathak, Adv.

Ms.Yogmaya Agnihotri, Adv.
Ms.Purnima Bhat, Adv.

Signature Not Verified
Digitally signed by
SATISH KUMAR YADAV
Date: 2017.01.11
17:23:29 IST
Reason:

Mr.Atul Jha, Adv.
Mr.Sandeep Jha, Adv.
Mr Dharmendra Kumar Sinha, Adv.

Mr.Shuvodeep Roy, Adv.

Mr. Aniruddha P. Mayee, Adv.

Mr. Avijit Bhattacharjee, Adv.

Mr. B. Balaji, Adv.
Mr.Muthuvel Palani, Adv.

Mr.Sanjai Kumar Pathak, Adv.
Ms. Asha Gopalan Nair, Adv.
Mr.Meenesh Kumar Dubey, Adv.

Mr. D. N. Goburdhan, Adv.

Mr. D. S. Mahra, Adv.(NP)

Mr. Gopal Singh, Adv.

Mr. G. Prakash, Adv.
Mr.Jishnu M.L., Adv.
Mrs.Priyanka Prakash, Adv.
Mrs.Beena Prakash, Adv.
Mr.Manu Srinath, Adv.

Mr. Jay Savla, Adv.
Ms.Renuka Sahu, Adv.
Mr.Prabhat Chaurasia, Adv.
Mr.Jasdeep Singh Dhillon, Adv.

Mr. Kamal Mohan Gupta, Adv.

Mr. Milind Kumar, Adv.

Mr. Radha Shyam Jena, Adv.

Mr. Ramesh Babu M. R., Adv.

Mr. Tapesh Kumar Singh, Adv.
Mr.Mohd.Waquas, Adv.
Mr.Aditya Pratap Singh, Adv.

Mr. Vijay Panjwani, Adv.

Mr. V. N. Raghupathy, Adv.
Mr.Lagnesh Mishra, Adv.
Mr.Parikshit P.Angadi, Adv.

Ms. Aruna Mathur, Adv.
Mr.Yusuf Khan, Adv.
Mr.Avneesh Arputham, Adv.
Ms.Anuradha Arputham, Adv.

Mr.S.Udaya Kumar Sagar, Adv.
Mr.Mrityunjai Singh, Adv.

Mr.T.N.Rama Rao, Adv.
Mr.Hitesh Kumar Sharma, Adv.
Ms.T.Veera Reddy, Adv.
Ms. C. K. Sucharita, Adv.

M/s Corporate Law Group, Adv.

Ms. Hemantika Wahi, Adv.
Ms.Puja Singh, Adv.
Ms.Mamta Singh, Adv.

Mr.Jasbir Bidhuri, Adv.
Ms. Madhu Sikri, Adv.

Mr.Guntur Prabhakar, Adv.
Ms. Prerna Mehta, Adv.
Mr.Mohan Rao, Adv.
Ms. Purnima Bhat, Adv.

Ms. Rakhi Ray, Adv.

Mr.Ranjan Mukherjee, Adv.
Mr.K.V.Kharlyngdah, Adv.

Upon hearing the counsel the Court made the following

O R D E R

W.P.(C)No.213 of 2011

1. Having heard learned counsel for the rival parties, we are of the view, that the remaining aspects, which emerge out of the controversy raised in the instant petition, can be disposed of by directing the respondents - State Governments, to release the entire undisbursed payment of compensation, quantified as Rs.5 lakhs each, to all the affected persons, within three months from today.

2. Needless to mention, that it shall be open to the State Governments to recover the aforestated compensation either from the concerned industry or from the Government of India, in case it is open to the State Governments to make such recovery, in consonance with law.

3. We also hereby direct the State Governments, to take into consideration the feasibility of providing medical facilities/treatment for life-long health issues, arising out of the effects of endosulfan, keeping in mind, that there seems to be a large number of such affected persons.

4. The instant petition is disposed of, in the above terms.

5. As a sequel to the above, pending interlocutory applications also stand disposed of.

CONMT.PET.(Crl.) D 23948/2012 In W.P.(C) No.213/2011

6. Issue notice to respondent Nos.1 and 2 alone, at this stage, returnable in two weeks.

7. Personal presence of the respondents/alleged contemnors is dispensed with for the time being.

8. List on 30.01.2017.

(SATISH KUMAR YADAV)
AR-CUM-PS

(RENUKA SADANA)
ASSISTANT REGISTRAR